പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2618 **28-10-2026-ൽ മറുപടിയ്ക്ക്**

പരിസ്ഥിതി പുനഃസ്ഥാപന നയം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

പ്രൊഫ. സി. രവീന്ദ്രനാഥ് ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

(എ) മുൻ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ പരിസ്ഥിതി പുനഃസ്ഥാപന നയപ്രകാരം വിദേശ വൃക്ഷങ്ങൾ നീക്കം ചെയ്യുന്ന നടപടികൾ ഇപ്പോൾ മന്ദഗതിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വന്യജീവികൾക്ക് കാട്ടിൽത്തന്നെ ഭക്ഷണം ഉറപ്പാക്കാൻ മുൻ സർക്കാർ ആരംഭിച്ച 'വിത്തുട്ട് ' പദ്ധതിയുടെയും കർഷകർക്ക് വരുമാനം ഉറപ്പാക്കുന്ന 'ട്രീ ബാങ്കിംഗ് ' സ്കീമിന്റെയും ഇന്നത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ;

മറുപടി: വന്യജീവികൾക്ക് കാട്ടിൽ തന്നെ ഭക്ഷണം ഉറപ്പാക്കാൻ ആരംഭിച്ച 'വിത്തുട്ട്' പദ്ധതിയും സർക്കാർ /സ്വകാര്യ ഭൂമിയിലെ വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വൃക്ഷം വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ട്രീബാങ്കിംഗ് പദ്ധതിയും വിവിധ ഡിവിഷനുകളിൽ നടപ്പിലാക്കിയിട്ടുണ്ട്.

പ്രസ്തുത പദ്ധതികൾ ഫലപ്രദമാണോ എന്ന വിവരം പരിശോധിച്ച് വരുന്നു.

(സി) കഴിഞ്ഞ അഞ്ച് മാസത്തെ ഭരണകാലയളവിൽ വനവിസ്തൃതി വർദ്ധിപ്പിക്കാനോ വന്യജീവികൾ നാട്ടിലിറങ്ങുന്നത് തടയാനോ പുതിയ എന്തെങ്കിലും പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ;

മറുപടി: 2026 മെയ് മാസം മുതൽ വിവിധ സർക്കിളുകളിലായി 630.75 ഹെക്ടർ ഏരിയ സ്വാഭാവിക വന പുനഃസ്ഥാപനം നടത്തുന്നതിനായി അലോട്ട് ചെയ്തിട്ടുണ്ട്. വന്യജീവികൾ നാട്ടിലിറങ്ങുന്നത് തടയുന്നതിനായി സൗരോർജ്ജവേലി, തൂക്കു സൗരോർജ്ജവേലി എന്നിവയുടെ നിർമ്മാണം/ പരിപാലനം, വിസ്താ ക്ലിയറൻസ്, റാപ്പിഡ്റെസ്പോൺസ് ടീമുകളുടെ രൂപീകരണം, സ്പെഷ്യൽ റിസർവ്വ് ഫോഴ്സുകളുടെ രൂപീകരണം എന്നീ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഇതുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങളും പുരോഗതിയും വിശദമാക്കാമോ?

<u>മറുപടി:</u> വന്യജീവികൾ നാട്ടിലിറങ്ങുന്നത് തടയുന്നതിനും നീരിക്ഷിക്കുന്നതിനുമായി മനുഷ്യവന്യജീവി സംഘർഷ ലഘൂകരണ പ്രതിരോധ നടപടികൾ, ദ്രുതകർമ്മസേനകളുടെ ശാക്തീകരണം, വന്യജീവി മുന്നറിയിപ്പ് സംവിധാനം, കാട്ടുപന്നി നിയന്ത്രണ പ്രവർത്തനങ്ങൾ, പഞ്ചായത്ത് തല പ്രാദേശിക റെസ്പോൺസ് ടീം, കേരളത്തിലെ മനുഷ്യവന്യജീവി സംഘർഷം ഫലപ്രദമായി നേരിടാൻ നിയമഭേഗതി, മനുഷ്യവന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ ഉപദേശക സമിതി, വന്യജീവികളുടെ കണക്കെടുപ്പ്, വാഹകശേഷി നിർണ്ണയവും മനുഷ്യവന്യജീവി സംഘർഷ ലഘൂകരണത്തിനായി ലാൻഡ്സ്കേപ്പ് തല ആസൂത്രണം, പ്രത്യേക പാക്കേജുകൾ എന്നിങ്ങനെ വിവിധ പദ്ധതികൾ നൂറ് ദിന പരിപാടിയിൽ ഉൾപ്പെടുത്തി പൂർത്തിയാക്കിയിട്ടുള്ളതാണ്.

സെക്ഷൻ ഓഫീസർ